# നാടിന്റെ നെട്ടോട്ടം

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്
(yohannan.elcy@gmail.com)

എന്റെ കൊച്ചു കേരളത്തിനെന്തു പറ്റി ദൈവമേ?
എന്റെ ജന്മ നാടിൻ പോക്കിൽ ദുഃഖമുണ്ട് കേൾക്കുവിൻ
ഗാന്ധി തന്റെ ജീവനേകി ധർമ്മയുദ്ധ ശക്തിയാൽ
വീണ്ടെടുത്ത മാതൃഭൂമി യേവിധത്തിലിന്നഹോ!

രാജവാഴ്ച, വെള്ളക്കാരു പോയി പിന്നെ, വന്നതോ
കൊള്ളക്കാരിലും മികച്ച തമ്പുരാക്കളാണതോ?
മന്ത്രി, തന്ത്രി, ഡോക്ടറും, സമൂഹനന്മ യേല്പവർ
ചൂഷണത്തിലൂറ്റിയെങ്ങും ജീവിക്കുന്ന കാലമായ്,

സത്യമെന്ന വാക്കിനിന്നു മൂല്യമറ്റ കാലമായ്
മിഥ്യയാണു കാമ്യമിന്നു മർത്യനേതു ചെയ്കിലും
സത്യമായതൊന്നു മാത്രം നിത്യമെന്ന സത്തയെ
കാത്തിടാൻ മടിച്ചിടുന്നതാണു സർവ്വനാശകം!

ദൈവമെന്തിനാവശ്യത്തിനാസ്തി കൈയ്യിലെത്തിയാൽ
പുജയും പ്രണാമവും ചിലർക്കു മാത്രമാവശ്യം
മാർക്കുവേണ്ട സീറ്റുകിട്ടുവാൻ നീറഞ്ഞകീശയാൽ
ക്യൂവിൽനിന്നിടാതെ കാശുകാരു കാര്യമാർന്നിടും.

കൈനനച്ചിടാതെ മീൻ പിടിച്ചിടാൻ തിടുക്കമായ്
കാലുവാരി യാരെയും മറിച്ചിടുന്ന കാഴ്ചയും
ക്ലാസ്സു വേണ്ട, ഡിഗ്രി വേണ്ട, കല്ലെറിഞ്ഞ ശിക്ഷണം
കേരളത്തിൽ മന്ത്രിയാകാൻ വോട്ടുനേടിയാൽ മതി.

ഇന്നു സത്യ ധർമ്മമൊക്കെ വായുവിൽ ലയിച്ചുപോൽ
കൃത്യബോധമുള്ളവന്നു കണ്ണുനീരു മിച്ചമായ്
വീരരാം യുവാക്കളിന്നു, കൈകൾ കോർത്തു നീങ്ങുവിൻ
സർവ്വരാഷ്ട്രശക്തിയായി ഭാരതത്തെ മാറ്റുവിൻ !

"ഭാരതമെന്നു കേട്ടാലഭിമാനാപൂരമുള്ളിൽ
കേരളമെന്നു കേൾക്കിൽ തിളയ്ക്കണം ചോര നമ്മിൽ"
വള്ളത്തോൾ പാടി, ഇന്നോ? ചോരപ്പുഴയാണെൻ നാട്ടിൽ
കള്ളം, ചതി, കൊള്ളിവയ്പാം ദുഷ്കൃത,ത്തേർവാഴ്ചയും !

കൈരളീതനൂജരായ് പറന്നുലോകവാപിയിൽ
പാറിടുന്ന മക്കളേ മറന്നിടായ്ക തായയേ,
കണ്ണടച്ചു, കാതുപൊത്തിനിന്നിടാതെ ബോധരായ്
കൈപിടിച്ചു കേരളാംബയേ സുധീരയാക്കുവിൻ !

........................

11,13